# സുപ്രധാന വ്യവസ്ഥകളും നിബന്ധനകളും

## പൂർണ്ണരൂപത്തിനുവേണ്ടി ദയവായി www.hsbc.co.in സന്ദർശിയ്ക്കുക

### 1. ഫീസും ചാർജ്ജുകളും

**a) ചേരുവാനുള്ള ഫീസും വാർഷിക അംഗത്വ പീസും.**

ചേരുവാനുള്ള ഫീസും വാർഷിക അംഗത്വ ഫീസും പ്രാഥമിക, ആഡ്ഡ്-ഓൺ ക്രെഡിറ്റ് കാർഡ് (കാർഡുകൾ) ഇവയ്ക്കു ബാധകമാണ്. ഈ ഫീസുകൾ കാർഡുപയോഗിയ്ക്കുന്ന വ്യക്തികൾക്കു പ്രയോജകീഭവിയ്ക്കുന്ന HSBC ക്രെഡിറ്റ് കാർഡ് ആനുകൂല്യമനുസരിച്ച് വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. ഈ ഫീസ്, ഏതെങ്കിലും ആഡ്ഡ്-ഓൺ കാർഡുപയോഗിയ്ക്കുന്ന വ്യക്തികൾക്കു ബാധകമായ ഫീസുൾപ്പെടെ, ഇഷ്യു ചെയ്യുന്ന സമയത്തോ/പുതുക്കുന്ന സമയത്തോ ചാർജ്ജു ചെയ്യപ്പെടുകയും ചാർജ്ജ് ചെയ്യപ്പെടുന്ന മാസത്തേതുൾപ്പെടെ അതാതു മാസത്തെ ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ അത് പ്രതിഫലിയ്ക്കുകയും ചെയ്യുന്നു. ക്രെഡിറ്റ് കാർഡ് അവസാനിപ്പിച്ചുവെന്നാൽ ഫീസ് റീഫണ്ട് ചെയ്യപ്പെടുന്നതല്ല. താഴെക്കൊടുത്തിരിയ്ക്കുന്ന ടാരീഫ് ഷീറ്റിൽ ഇപ്പോഴത്തെ ചാർജ്ജുകൾ രേഖപ്പെടുത്തിയിരിയ്ക്കുന്നു.

**b) ക്യാഷ് അഡ്വാൻസ് ഫീസ്**

ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് ഇരുപത്തിനാല് മണിക്കൂറും HSBC/VISA/MasterCard/ഇന്ത്യയിലും വിദേശത്തുമുള്ള CirrusATMs എന്നിവയിലൂടെ പണം നേടാം. ട്രാൻസാക്ഷൻ തുകയുടെ (ഏറ്റവും കുറഞ്ഞത് 300/- രൂപ) 2.5% ട്രാൻസാക്ഷൻ ഫീസായി ഈടാക്കുന്നു. ക്യാഷ് അഡ്വാൻസ് പോസ്റ്റ് ചെയ്യുന്ന സമയത്തെ കാർഡുപയോഗിയ്ക്കുന്ന വ്യക്തിയുടെ അടുത്ത മാസത്തെ സ്റ്റേറ്റ്മെന്റിൽ ബില്ലുചെയ്യപ്പെടും. ട്രാൻസാക്ഷൻ ഫീസിലെ മാറ്റം HSBC യുടെ മാത്രം ഗുണദോഷ വിവേചനത്തിനു ബാധകമാണ്. ക്യാഷ് അഡ്വാൻസ് ട്രാൻസാക്ഷനുകൾ, പണം പിൻവലിച്ച ദിവസം മുതൽ ദിവസേനയുള്ള ഔട്ട് സ്റ്റാൻഡിംഗ് ബാലൻസ് കണക്കാക്കി അതാതു ദിവസത്തെ നിരക്കനുസരിച്ചുള്ള ഒരു ഫിനാൻസ് ചാർജ്ജിനും ബാധകമാണ്. ഈ ഫിനാൻസ് ചാർജ്ജ്, ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ, ബില്ലിംഗ് സൈക്കിളിന്റെ അവസാന ദിവസം ഡെബിറ്റ് ചെയ്യപ്പെടുന്നു.

HSBC
The world's local bank

**c) ചില പ്രത്യേക ട്രാൻസാക്ഷനുകൾക്കായുള്ള സർവ്വീസ് ചാർജ്ജുകൾ**

- ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തികൾക്ക് പ്രദാനം ചെയ്തിട്ടുള്ള ചില പ്രത്യേക സേവനങ്ങൾക്കായി സമയാസമയത്തു ബാധകമായ ഫീസുകളും ചാർജ്ജുകളും അടയ്ക്കേണ്ടതുണ്ട്. അഥവാ കാർഡുപയോഗിയ്ക്കുന്ന വ്യക്തി (പുരുഷൻ/സ്ത്രീ) യുടെ കാർഡ് അക്കൗണ്ടു പ്രകാരം ഡിഫോൾട്ട് വരുത്തിയിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞവ അടയ്ക്കേണ്ടതുണ്ട്.
- HSBC യുടെ മാത്രം ഗുണദോഷവിവേചനത്തിനനുസരിച്ച് ടാരീഫ് ഘടന മാറ്റത്തിനു ബാധകമാണ്. അത്തരം മാറ്റങ്ങൾ, ഫിനാൻസ് ചാർജ്ജുകളുടെ നിരക്കു വ്യതിയാനങ്ങളല്ലാതെയുള്ളവ (പലിശനിരക്കുകൾ), നിയമപ്രകാരമുള്ള ആവശ്യങ്ങൾമൂലമുണ്ടായവ എന്നിവ കുറഞ്ഞത് ഒരു മാസത്തെ നോട്ടീസ് നൽകി പ്രാബല്യത്തിൽവരുത്തുന്നതാണ്.
- 'ഞങ്ങളുടെ ഫീസിൽ, പലിശയ്ക്കും മറ്റു ചാർജ്ജുകൾക്കുമൊപ്പം 2009, ഫെബ്രുവരി 24 ന് പുറപ്പെടുവിച്ച വിജ്ഞാപന നമ്പർ. 8/2009 - ST പ്രകാരം, 10% സേവന നികുതി + 2% വിദ്യാഭ്യാസ സെസ്സ് + 1% സെക്കണ്ടറി & ഹയർ സെക്കണ്ടറി വിദ്യാഭ്യാസ സെസ്സ് എന്നിവ ബാധകം.'
- പേയ്മെന്റ് ഡ്യൂഡേറ്റിൽ, ഏറ്റവും കുറഞ്ഞ ഡ്യൂത്തുക അടച്ചില്ലെങ്കിൽ ലേയ്റ്റ് പേയ്മെന്റ് ചാർജ്ജ് ബാധകമാണ്.
- ഔട്ട്സ്റ്റാൻഡിംഗ് തുക ക്രെഡിറ്റ് പരിധിയിലും കൂടുതൽ ആയാൽ ഓവർ ലിമിറ്റ് ചാർജ്ജ് ബാധകമായിരിയ്ക്കും.

## ടാരീഫ് ഷീറ്റ്

| | |
|---|---|
| **സാധാരണ ജോയിനിംഗ്ഫീസ്**<br>ഗോൾഡ് / ക്ലാസ്സിക്ക് | ഇല്ല |
| **സാധാരണ വാർഷിക ഫീസ്**<br>ഗോൾഡ്<br>ക്ലാസ്സിക് | 2,000/- രൂപാ<br>700/- രൂപാ |
| **ആഡ് - ഓൺ കാർഡിനു വേണ്ടിയുള്ള സാധാരണ വാർഷികഫീസ്**<br>ഗോൾഡ്<br>ക്ലാസ്സിക്ക് | 1,000/- രൂപാ<br>350/- രൂപാ |
| സൗജന്യ ക്രെഡിറ്റ് കാലാവധി | 52 ദിവസം വരെ |
| അധികരിച്ച ക്രെഡിറ്റ്, ക്യാഷ് അഡ്വാൻസുകൾക്കായുള്ള ഫിനാൻസ് ചാർജ്ജുകൾ (ക്ലാസ്സിക് ക്രെഡിറ്റ് കാർഡുകൾക്ക്) | പ്രതിമാസം 3.5% (പ്രതിവർഷം 42%) ട്രാൻസാക്ഷൻ തീയ്യതി മുതൽ കണക്കുകൂട്ടിയുള്ളത് |
| അധികരിച്ച ക്രെഡിറ്റ് ക്യാഷ് അഡ്വാൻസുകൾക്കായുള്ള ഫിനാൻസ് ചാർജ്ജുകൾ (ഗോൾഡ് ക്രെഡിറ്റ് കാർഡുകൾ) | പ്രതിമാസം 3.3% (പ്രതിവർഷം 39.6%) ട്രാൻസാക്ഷൻ തീയ്യതി മുതൽ കണക്കു കൂട്ടിയുള്ളത് |
| അധികരിച്ച ക്രെഡിറ്റ് ഉപയോഗത്തിലെ ഏറ്റവും കുറഞ്ഞ റീപേയ്മെന്റ് | സ്റ്റേറ്റ്മെന്റിലുള്ള സമ്പൂർണ്ണ കുടിശ്ശികയുടെ 5%, കഴിഞ്ഞ തവണത്തെ കൂടിയ കുടിശ്ശിക അല്ലെങ്കിൽ ഓവർ ലിമിറ്റ് പരിധി (ഏതെങ്കിലും ഒന്ന് ) ഏറ്റവും കുറഞ്ഞത് 100/-രൂപാ എന്ന നിരക്കിൽ ബാധകം. വ്യവസ്ഥകൾക്കും നിബന്ധനകൾക്കുമനുസരിച്ച് അധീകരിച്ച ക്രെഡിറ്റിന് പലിശ ഈടാക്കുന്നതാണ്. |

| | |
|---|---|
| ഡ്യൂപ്ലിക്കേറ്റ് സ്റ്റേറ്റ്മെന്റ് (മൂന്നുമാസത്തിൽക്കൂടുതൽ പഴക്കമുള്ളത്) | സ്റ്റേറ്റ്മെന്റ് ഒന്നിന് 100/- രൂപാ |
| ചെക്ക് മടങ്ങിയാലുള്ള ചാർജ്ജുകൾ, നിലനിൽക്കുന്ന നിർദ്ദേശങ്ങൾ ലംഘിയ്ക്കുക, ECS പേയ്മെന്റുകൾ വിജയകരമായില്ലെങ്കിൽ | 350/- രൂപാ |
| ക്യാഷ് അഡ്വാൻസ് പരിധി (ക്രെഡിറ്റ് കാർഡ് അക്കൗണ്ടിന്റെ) | ക്രെഡിറ്റ് പരിധിയുടെ 40%# |
| HSBC ശാഖകൾ, ATM, എന്നിവിടങ്ങളിലെ ഞങ്ങളുടെ ക്രെഡിറ്റ് കാർഡ് വഴിയുള്ള ക്യാഷ് അഡ്വാൻസിന്റെ ട്രാൻസാക്ഷൻ ഫീസ് | ട്രാൻസാക്ഷൻതുകയുടെ 2.5% **(ഭേദഗതി ചെയ്ത ഏറ്റവും കുറഞ്ഞ തുകയായ 300/- രൂപാ)*** |
| വിദേശത്തുള്ള ATM-ൽ നിന്നും നിങ്ങളുടെ ബാങ്ക് അക്കൗണ്ട് വഴിയുള്ള ക്യാഷ് പിൻവിലിയ്ക്കലിന്റെ ട്രാൻസാക്ഷൻ ഫീസ് | 100/- രൂപാ |
| ഇൻഡ്യയിലെ HSBC യുടേതല്ലാത്ത ATM കളിൽ നിന്നും നിങ്ങളുടെ ബാങ്ക് അക്കൗണ്ട് വഴിയുള്ള ക്യാഷ് പിൻവലിയ്ക്കലിന്റെ ട്രാൻസാക്ഷൻ ഫീസ് | ഇല്ല |
| അധികരിച്ച പരിധിയ്ക്കുള്ള ഫീസ് | പ്രതിമാസം 500/- രൂപാ |
| ലേയ്റ്റ് പേയ്മെന്റ് ഫീസ് (പേയ്മെന്റ് ഡ്യൂ ഡേറ്റിൽ ഏറ്റവും കുറഞ്ഞ തുക HSBC യിൽ എത്തിയില്ലെങ്കിൽ ഈടാക്കുന്ന തുക) | ഏറ്റവും കുറഞ്ഞ ഡ്യൂ തുകയുടെ 50% (പ്രതിമാസം ഏററവും കുറഞ്ഞത് 400/- രൂപാ, ഏറ്റവും കൂടിയത് 750/- രൂപാ എന്ന രീതിയിൽ ബാധകം) |
| സെയ്ൽ സ്ലിപ്പ് വീണ്ടെടുക്കൽ/ ചാർജ്ജ് ബാഘ്ക്ക് പ്രൊസസ്സിംഗ് ഫീസ് | 225/- രൂപാ |
| ടൗണിനു വെളിയിലുള്ള ചെക്ക് പ്രൊസസ്സിംഗ്/കളക്ഷൻ ചാർജ്ജ് | 10,000/- രൂപാ വരെയുള്ള ചെക്ക് മൂല്യത്തിന് 50/- രൂപാ<br>10,001/- രൂപാ മുതൽ 100,000/- രൂപാ വരെയുള്ള ചെക്ക് മൂല്യത്തിന് 100/- രൂപാ<br>100,001/- രൂപയ്ക്ക് മുകളിലുള്ള ചെക്ക് മൂല്യത്തിന് 150/- രൂപാ |
| ചെക്ക് പിക്ക്-അപ് ചാർജ്ജുകളുടെ റീ - പേയ്മെന്റ് | ഓരോ ചെക്കിനും 35/- രൂപാ |
| ക്രെഡിറ്റ് കാർഡ് റീപ്ലേയ്സ്മെന്റ് ഫീസ് (ഇൻഡ്യയ്ക്കകത്ത്) | 100/- രൂപാ |
| ക്രെഡിറ്റ് കാർഡ് റീപ്ലേയ്സ്മെന്റ് ഫീസ് (ഇൻഡ്യയ്ക്കുപുറത്ത്) | 100/- രൂപാ |
| വിദേശ കറൻസി ട്രാൻസാക്ഷനുകൾ നടത്തുമ്പോഴുള്ള കറൻസി കൺവേർഷൻ ചാർജ്ജ് | 3.5% |
| മറ്റ് ബാങ്ക് ATM കളിൽ ക്രെഡിറ്റ് കാർഡിന്റെ ബാലൻസ് അന്വേഷണത്തിന് | ഇല്ല |
| ക്രെഡിറ്റ് കാർഡ് അപ് ഗ്രേഡ് / ട്രാൻസ്ഫർ ഫീസ് | ഓരോ അപ് ഗ്രേഡ് / ട്രാൻസ്ഫറിനും 99/- രൂപാ |
| റിവാർഡ് റിഡംപ്ഷൺ കൈകാര്യ ചാർജ്ജുകൾ | ഓരോ റിഡംപ്ഷനും 50/- രൂപാ |

# അല്ലെങ്കിൽ സമയാസമയം ബാങ്ക് നിശ്ചയിയ്ക്കുന്ന പുതുക്കിയ നിരക്കു പോലെ

*നിലവിലുള്ള നിരക്കനുസരിച്ച് പ്രതിമാസ ഫിനാൻസ് ചാർജ്ജും ബാധകമാണ്. ഉദാ: നിങ്ങൾ മാർച്ച് 01 ന് 1,200/- രൂപയുടെ ഒരു വാച്ചു വാങ്ങുകയും, മാർച്ച് 10ന് 800/- രൂപയുടെ ഒരു നെക്ക്ലേയ്സ് വാങ്ങിയെന്നുമിരിയ്ക്കട്ടെ.

നിങ്ങളുടെ പർച്ചേയ്സ് തുകയിൽ താഴെക്കൊടുത്തിരിയ്ക്കുന്ന പലിശ ചാർജ്ജ് ചെയ്യപ്പെടും :

| | ഗോൾഡ് ക്രെഡിറ്റ് കാർഡുകൾ | ക്ലാസിക് ക്രെഡിറ്റ് കാർഡുകൾ |
|---|---|---|
| മാർച്ച് 20 ന് അടയ്ക്കേണ്ട കുടിശ്ശിക | 2000/-രൂപാ | 2000/-രൂപാ |
| ഡ്യൂ തീയ്യതിയായ ഏപ്രിൽ 11 ന് അടച്ച തുക | 100/- രൂപാ | 100/- രൂപാ |
| ബാക്കി മുന്നോട്ടെടുത്തത് (റിവോൾവ്ഡ്) | 1900/-രൂപാ | 1900/-രൂപാ |
| പലിശ കണക്കുകൂട്ടലുകൾ (പ്രതിമാസം @ 3.3% ഗോൾഡിന്, പ്രതിമാസം 3.5% ക്ലാസ്സിക്കിന് | | |
| a. 1200/ രൂപയ്ക്ക് 41 ദിവസത്തേയ്ക്കുള്ള പലിശ (മാർച്ച് 1 മുതൽ ഏപ്രിൽ 10 വരെ) | 53.38 രൂപാ | 56.61 രൂപാ |
| b. 800/ രൂപയ്ക്ക് 32 ദിവസത്തേയ്ക്കുള്ള പലിശ (മാർച്ച് 10 മുതൽ ഏപ്രിൽ 10 വരെ) | 27.77 രൂപാ | 29.46 രൂപാ |
| c. 1900/ രൂപയ്ക്ക് 10 ദിവസത്തേയ്ക്കുള്ള പലിശ (ഏപ്രിൽ 11 മുതൽ ഏപ്രിൽ 20 വരെ) | 20.61രൂപാ | 21.86രൂപാ |
| ഏപ്രിൽ 20 ന്റെ സ്റ്റേറ്റ്മെന്റിൽ ഈടാക്കിയ ആകെ പലിശ | 101.77രൂപാ | 107.93 രൂപാ |
| പലിശയ്ക്കു മേലുള്ള സേവന നികുതി @ 10.3% | 10.48 രൂപാ | 11.12 രൂപാ |
| ഏപ്രിൽ 20ന്റെ സ്റ്റേറ്റ്മെന്റിലെ അടയ്ക്കേണ്ട കുടിശ്ശിക | 2012.25 രൂപാ | 2019.05 രൂപാ |

ഓരോ മാസവും ഏറ്റവും കുറഞ്ഞ തുക (മിനിമം പേയ്മെന്റ്) അടയ്ക്കുകയാണെങ്കിൽ അതിന്റെ ഫലം, മുഴുവൻ കുടിശ്ശിക അടഞ്ഞു തീരും വരെ തിരിച്ചടയ്ക്കൽ നീണ്ടുപോകും എന്നതാകുന്നു. ഒപ്പം ഈ അധികരിയ്ക്കുന്ന കാലയളവിൽ നിങ്ങളുടെ കുടിശ്ശിക സംഖ്യ തിരിച്ചടയ്ക്കുന്നതും നീണ്ടു പോകുന്നു. ഉദാ: അടയ്ക്കേണ്ട തുക 5000/- രൂപയാണെന്നു കരുതുക. നിങ്ങളുടെ ക്രെഡിറ്റ് കാർഡിൽ നിങ്ങൾ പുതിയ ഇടപാടുകൾ നടത്തുന്നുമില്ല. അങ്ങനെയുള്ള അവസരത്തിൽ നിലവിലുള്ള ടാരിഫ് ഘടനയനുസരിച്ച് 7.5 വർഷം വരെ തിരിച്ചടയ്ക്കൽ നീണ്ടുപോകുന്നു.

**d) പലിശരഹിത (ഗ്രേയ്സ്) കാലാവധി**

ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തികൾക്ക് അവരുടെ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ 52 ദിവസം വരെ യാതൊരുവിധ ഫിനാൻസ് ചാർജ്ജും ഈടാക്കുന്നില്ല. ഈ സൗകര്യം, പ്രതിമാസ ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളതായ ക്രെഡിറ്റ് കാർഡ് കുടിശ്ശിക ഡ്യൂതീയ്യതിയ്ക്കുള്ളിൽത്തന്നെ പൂർണ്ണമായി അടച്ചുതീർന്നുവെങ്കിൽ മാത്രമേ ബാധകമാകുകയുള്ളൂ. എന്നിരിയ്ക്കിലും, ക്യാഷ് അഡ്വാൻസ് ട്രാൻസാക്ഷനുകളിൽ ഈ സൗജന്യ ക്രെഡിറ്റ് കാലാവധി ബാധകമായിരിയ്ക്കുകയില്ല.

**e) ഫിനാൻസ് ചാർജ്ജുകൾ**

ക്രെഡിറ്റ് കാർഡുപയോഗിയ്ക്കുന്ന വ്യക്തികൾക്ക് അതാതു മാസത്തെ ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള ''ഏറ്റവും കുറഞ്ഞ ഡ്യൂ തുക'' (MPD) അടയ്ക്കാവുന്നതാണ്. സ്റ്റേറ്റ്മെന്റിലുള്ള ആകെ ഡ്യൂ തുകയും കഴിഞ്ഞ ഡ്യൂ തുകയുടെ അധികരിച്ച സംഖ്യയും അല്ലെങ്കിൽ ഓവർ ലിമിറ്റ് തുകയും (ഏതെങ്കിലും ഒന്ന്) അനുസരിച്ച് 5% (MPD) കണക്കു കൂട്ടുന്നു. ഡ്യൂ തുകയ്ക്ക്, ഡ്യൂ തീയ്യതിയ്ക്കു ശേഷം വ്യവസ്ഥകൾക്കും നിബന്ധനകൾക്കുമനുസരിച്ച് പലിശ ഈടാക്കുന്നതായിരിയ്ക്കും.

- ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തികൾക്ക് അതാതു മാസത്തെ ആകെ കുടിശ്ശികയുടെ (ഏറ്റവും കുറഞ്ഞ ഡ്യൂത്തുക അതാതു മാസത്തെ ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിയ്ക്കും) ഏറ്റവും കുറഞ്ഞ 5% അടച്ച്' വിപുലപ്പെടുത്തിയ ക്രെഡിറ്റ് സൗകര്യം' പ്രയോജനപ്പെടുത്താവുന്നതാണ്. ഡ്യൂത്തുകയ്ക്ക്, ഡ്യൂ തീയ്യതിയ്ക്കുശേഷം പലിശ ഈടാക്കുന്നതായിരിയ്ക്കും.
- ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തികൾ, സ്റ്റേറ്റ്മെന്റ് ക്ലോസിംഗ് ബാലൻസിനേക്കാൾ കുറവു പണമടച്ച് വിപുലീകരിച്ച ക്രെഡിറ്റ് സൗകര്യം പ്രയോജനപ്പെടുത്തിയെന്നാൽ, കുടിശ്ശികയുള്ള മൊത്തം തുകയ്ക്ക് ട്രാൻസാക്ഷൻ നടന്ന ദിവസം മുതൽ നിലവിലുള്ള നിരക്കിൽ ഫിനാൻസ് ചാർജ്ജ് ഈടാക്കപ്പെടും. ട്രാൻസാക്ഷൻ നടന്ന ദിവസം മുതൽ എല്ലാ പുതിയ ട്രാൻസാക്ഷനുകൾക്കും ഫിനാൻസ് ചാർജ്ജ് ബാധകമായിരിയ്ക്കും.
- എല്ലാ ചാർജ്ജുകൾക്കുമൊപ്പം പണം പിൻവലിച്ച ദിവസം മുതൽ പണം പൂർണ്ണമായി അടച്ചു തീർക്കും വരെ നിലവിലുള്ള നിരക്കിൽ ഫിനാൻസ് ചാർജ്ജ് ബാധകമായിരിക്കും.
- ഗോൾഡ് ക്രെഡിറ്റ് കാർഡുകൾക്ക് ഫിനാൻസ് ചാർജ്ജുകൾ പ്രതിമാസം @3.3% (പ്രതിവർഷം 39.6%) എന്ന നിരക്കിലും, ക്ലാസ്സിക് ക്രെഡിറ്റ് കാർഡുകൾക്ക് പ്രതിമാസം @3.5% (പ്രതിവർഷം 42%) എന്ന നിരക്കിലും കണക്കാക്കപ്പെടുന്നു. അല്ലെങ്കിൽ സമയാസമയങ്ങളിൽ ബാങ്ക് തീരുമാനിയ്ക്കുന്നതായ പുതുക്കിയ നിരക്കിൽ കണക്കാക്കപ്പെടുന്നു.

## 2. ക്രെഡിറ്റ് പരിധി

- ക്രെഡിറ്റ് പരിധിയും പണം പിൻവലിയ്ക്കൽ പരിധിയും (ക്രെഡിറ്റ് പരിധിയുടെ 40%, അല്ലെങ്കിൽ സമയാസമയം ബാങ്ക് തീരുമാനിയ്ക്കും പോലെ) കാർഡ് നൽകുന്ന സമയത്ത് നിങ്ങളെ അറിയിയ്ക്കുന്നതും നിങ്ങളുടെ പ്രതിമാസ കാർഡ് സ്റ്റേറ്റ്മെന്റിൽ സൂചിപ്പിയ്ക്കുകയും ചെയ്യിരിയ്ക്കുന്നു. ലഭ്യമായ ക്രെഡിറ്റ് പരിധി പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ ഭാഗമായി പ്രദാനം ചെയ്യിരിയ്ക്കുന്നു. യാതൊരു മുന്നറിയിപ്പോ സൂചനയോ ഇല്ലാതെ തന്നെ ക്രെഡിറ്റ് പരിധി കുറയ്ക്കുവാനുള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാകുന്നു. ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം, സമയാസമയം നൽകപ്പെട്ടിട്ടുള്ളതായ ക്രെഡിറ്റ് പരിധി നിങ്ങൾ സ്വീകരിച്ചു എന്നുള്ളതിന്റെ അനുമാനമാകുന്നു.
- ക്രെഡിറ്റ് പരിധിയെന്നാൽ ഒരു പ്രത്യേക കാലയളവിൽ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ പ്രതിഫലിയ്ക്കാവുന്ന ഏറ്റവും കൂടിയ കുടിശ്ശികത്തുകയാകുന്നു.
- ഇനി അഥവാ ആകെ കുടിശ്ശിക, ക്രെഡിറ്റ് പരിധിയിലും കൂടുതലായെങ്കിൽ ഈ പരിധി കഴിഞ്ഞുള്ള എല്ലാ വാങ്ങ - ലുകളും ക്യാഷ് ട്രാൻസാക്ഷനുകളും, ക്രെഡിറ്റ് കാർഡ് അക്കൗണ്ട് പൂർണ്ണമായോ, ഭാഗികമായോ അടച്ചുതീരും വരെ അസാധുവാകുന്നതായിരിയ്ക്കും.
- ഈ അക്കൗണ്ടിലേയ്ക്ക് അംഗീകരിച്ചിട്ടുള്ള ക്രെഡിറ്റ് പരിധി പ്രാഥമിക കാർഡുപയോഗിയ്ക്കുന്ന വ്യക്തിയും, ആഡ്-ഓൺ കാർഡുപയോഗിയ്ക്കുന്ന വ്യക്തികളും തമ്മിൽ പരസ്പരം പങ്കു വയ്ക്കുന്നു.
- ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ ലഭ്യമായ ക്രെഡിറ്റ് പരിധിയെന്നാൽ നിർണ്ണയിച്ച ക്രെഡിറ്റ് പരിധിയിൽ 'മൊത്തം ഡ്യൂത്തുക' കിഴിച്ചുള്ള സംഖ്യയാകുന്നു. കാർഡുപയോഗിയ്ക്കുന്ന വ്യക്തി സമയാസമയം ക്രെഡിറ്റ് പരിധി ലഭ്യമാകുവാൻ ബാങ്കുമായി ബന്ധപ്പെടേണ്ടതാണ്.
- ആറുമാസത്തിനപ്പുറത്തേയ്ക്കു നീണ്ട തൃപ്തികരമായ ക്രെഡിറ്റ് കാർഡ് പ്രവർത്തനങ്ങൾക്കുശേഷം, ക്രെഡിറ്റ് കാർഡുപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് ഏതു സമയവും അയാളുടെ നിർണ്ണയിയ്ക്കപ്പെട്ട ക്രെഡിറ്റ് പരിധി പുന: പരിശോധിയ്ക്കുവാനായി അപേക്ഷിയ്ക്കാവുന്നതാണ്.

## 3. ബില്ലിംഗും പേയ്മെന്റുകളും

a) കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്കു നൽകിയ പേയ്മെന്റുകൾ താഴെക്കൊടുത്തിരിയ്ക്കും പ്രകാരം മുൻഗണനാക്രമമനുസരിച്ച് നടത്തപ്പെടുന്നു.

1. ക്യാഷ് ട്രാൻസാക്ഷൻ സർവ്വീസ് ചാർജ്ജുകൾ*
2. റീട്ടെയിൽ ട്രാൻസാക്ഷൻ സർവ്വിസ് ചാർജ്ജുകൾ*
3. വാർഷിക ഫീസ്
4. ലേയ്റ്റ് പേയ്മെന്റ് ഫീസ്
5. ഓവർ ലിമിറ്റ് ഫീസ്
6. ഇൻസ്റ്റാൾമെന്റ് കൈകാര്യ ഫീസ്
7. ഇൻസ്റ്റാൾമെന്റ് പ്രൊസസ്സിംഗ് ഫീസ്
8. റിട്ടേൺ ചെക്ക് ചാർജ്ജുകൾ
9. ഇൻഷൂറൻസ് പ്രീമിയം
10. പലിശ ചാർജ്ജുകൾ

a) ബാലൻസ് ട്രാൻസ്ഫർ പലിശ
b) ക്യാഷ് ട്രാൻസാക്ഷൻ പലിശ
c) പർച്ചേയ്സ് ട്രാൻസാക്ഷൻ പലിശ

11. പ്രിൻസിപ്പൾ തുക

a) ബാലൻസ് ട്രാൻസ്ഫർ പ്രിൻസിപ്പൾ
b) ക്യാഷ് ട്രാൻസാക്ഷൻ പ്രിൻസിപ്പൾ
c) പർച്ചേയ്സ് ട്രാൻസാക്ഷൻ പ്രിൻസിപ്പൾ

*താഴെപ്പറയുന്നവയിൽ * സർവ്വീസ് ചാർജ്ജ് ഉൾപ്പെടുന്നു.

- ക്യാഷ് സർവ്വീസ് ചാർജ്ജുകൾ
  - ക്യാഷ് അഡ്വാൻസ് ഫീസ്
  - സർവ്വീസ് നികുതി
- റീട്ടെയിൽ സർവ്വിസ് ചാർജ്ജുകൾ
  - കാർഡ് റീപ്ലേയ്സ്മെന്റ് ഫീസ്
  - സ്റ്റേറ്റ്മെന്റ് റീ പ്രിന്റ് ഫീസ്

- ബാലൻസ് ട്രാൻസ്ഫർ പ്രൊസസ്സിംഗ് ഫീസ്
- സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷൻ (SI) പരാജയപ്പെട്ടാലുള്ള ഫീസ്
- സ്റ്റാൻഡിംഗ് ഇൻസ്ട്രക്ഷൻ (SI) ഫീസ്
- പിൻ മാറ്റുമ്പോഴുള്ള ഫീസ്
- കാർഡ് തടയുന്ന ഫീസ്

b) ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ കുടിശ്ശിക ബാക്കിയു- ണ്ടെങ്കിൽ, HSBC അതാതു മാസത്തെ ഇനം തിരിച്ചുള്ള അക്കൗണ്ട് സ്റ്റേറ്റ്മെന്റ് നിങ്ങൾക്ക് തപാലിൽ അയച്ചുതരും. ഇതിൽ ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയുടെ കഴിഞ്ഞ സ്റ്റേറ്റ്മെന്റ് മുതലുള്ള ക്രെഡിറ്റ് ചെയ്ത പേയ്മെന്റ്, ഡെബിറ്റ് ചെയ്ത ട്രാൻസാക്ഷനുകൾ എന്നിവ രേഖപ്പെടുത്തിയിരിയ്ക്കും. സ്റ്റേറ്റ്മെന്റ് കൈപ്പറ്റാതിരി- യ്ക്കൽ കാർഡുപയോഗിയ്ക്കുന്ന വ്യക്തിയുടെ ധാർമ്മികതയ്ക്കോ, ബാധ്യതയ്ക്കോ ബാധകമല്ല.

c) ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ ഡ്യൂത്തുകയുടെ 5% മാത്രം അടയ്ക്കുവാനുള്ള രീതി തിരഞ്ഞെടുക്കാം. ഇത്തരം പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുള്ള ഡ്യൂ തീയ്യ- തിയ്ക്കുമുൻപേ അയച്ചുതരേണ്ടതാണ്. അതും സ്റ്റേറ്റ്മെന്റിൽ അച്ചടിച്ചിട്ടുണ്ട്. പേയ്മെന്റ് ചെക്കു വഴിയാണെങ്കിൽ ഡ്യൂഡേറ്റിൽത്തന്നെ പണം കാർഡ് അക്കൗണ്ടിൽ പ്രതിഫലിച്ചിരിയ്ക്കണം. കാരിഫോർവേഡു ചെയ്യപ്പെടുന്ന കുടിശ്ശികയ്ക്ക് ഗോൾഡ് ക്രെഡിറ്റ് കാർഡുകൾക്ക് പ്രതിമാസം 3.3% എന്ന നിരക്കിലും (പ്രതിവർഷം 39.6%) എന്ന നിരക്കിലും ഈടാക്കപ്പെടും. ക്ലാസ്സിക് ക്രെഡിറ്റ് കാർഡുകൾക്കു പ്രതിമാസം 3.5% നിരക്കിലും (പ്രതിവർഷം 42%) നിരക്കിലും അല്ലെങ്കിൽ സമയാസമയം ബാങ്ക് തീരുമാനിയ്ക്കുന്ന രീതിയിലും ഈടാക്കപ്പെടും.

d) മാസാമാസമുള്ള പണമടയ്ക്കലിനായി കാർഡുപയോഗിയ്ക്കുന്ന വ്യക്തികൾക്ക് താഴെപ്പറയുന്ന രീതികൾ തിരഞ്ഞെടുക്കാം. ചെക്ക്/ഡ്രാഫ്റ്റ് പേയ്മെന്റ്: ചെക്ക്/ഡ്രാഫ്റ്റ് പേയ്മെന്റുകൾ HSBC A/c. നമ്പർ. XXXXX (ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയുടെ 16 അക്ക ക്രെഡിറ്റ് കാർഡ് നമ്പർ രേഖപ്പെടുത്തുക) എന്ന പേരിൽ എടുക്കുക. ചെക്ക്/ഡ്രാഫ്റ്റ് പേയ്മെന്റുകൾ താഴെക്കൊടുത്തിരിയ്ക്കുന്ന സ്ഥലങ്ങളിൽ നിക്ഷേപിയ്ക്കാം :

- HSBC ശാഖകളിലുള്ള ഡ്രോപ്ബോക്സുകളിൽ/ഇൻഡ്യയിലുള്ള ATM കളിൽ (ശാഖകളുടെയും, ATM കളുടെയും സമ്പൂർണ്ണ ലിസ്റ്റിനായി www.hsbc.co.in സന്ദർശിയ്ക്കുക)

- സ്കൈപാക്ക് ഡ്രോപ് - ബോക്സുകൾ (നിങ്ങളുടെ സമീപത്തുള്ള സ്കൈപാക്ക് ഡ്രോപ് ബോക്സുകളുടെ ലിസ്റ്റിനായി www.hsbc.co.in സന്ദർശിയ്ക്കുക)

- ദി ഹോംങ് കോംങ് ആന്റ് ഷാംങ്ഹായി ബാങ്കിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, ക്ലിയറിംഗ് ഡിപ്പാർട്ടുമെന്റ്, M.G. റോഡ്, ഫോർട്ട്, മുംബയ് - 400 001 എന്ന വിലാസത്തിൽ മെയിൽ ചെയ്യുക.

- ക്യാഷ് പേയ്മെന്റ് : ഇൻഡ്യയിലുള്ള ഏതെങ്കിലും HSBC ബാങ്ക് ശാഖയിൽ ക്യാഷ് പേയ്മെന്റുകൾ നടത്താം.
- നിലവിലുള്ള നിർദ്ദേശങ്ങൾ ഃ ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് HSBC യിൽ അക്കൗണ്ട് ഉണ്ടെങ്കിൽ ആ പുരുഷന്/സത്രീയ്ക്ക് ഒരു ചട്ടപ്പടി നിർദ്ദേശം വഴി കാർഡുപയോഗിയ്ക്കുന്ന വ്യക്തിയുടെ HSBC അക്കൗണ്ടിൽ നിന്നും ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്യാം.
- ഇന്റർനെറ്റ് ബാങ്കിംഗ് ഃ കാർഡുപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് www.hsbc.co.in ൽ ലോഗ് ചെയ്ത് ക്രെഡിറ്റ് കാർഡ് കുടിശ്ശിക അടയ്ക്കാവുന്നതാണ്.
- ECS: ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് HSBC യെ അധികാരപ്പെടുത്തി നേരിട്ട് ഏതു ബാങ്കിലേയ്ക്കും തന്റെ അക്കൗണ്ട് ഡെബിറ്റ് ചെയ്യാം. ഈ സൗകര്യം മുംബയിലും ഡൽഹിയിലും മാത്രം ലഭ്യമാണ്.
- ATM/ഫോൺ ബാങ്കിംഗ്: ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് തന്റെ അക്കൗണ്ടിലെ ക്രെഡിറ്റ് കാർഡ് കുടിശ്ശിക അടയ്ക്കുന്നതിനായി HSBC ATM/ഫോൺ ബാങ്കിംങ്ങ് സൗകര്യം എന്നിവ ഉപയോഗപ്പെടുത്താം.

e) **ബില്ലിംഗ് തർക്ക പരിഹാരം :**

- ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് മുൻമാസത്തെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, യഥാർത്ഥത്തിൽ അത് കൈപ്പറ്റിയ ശേഷമോ അല്ലെങ്കിൽ ബാങ്ക് അത് അയച്ച് 10 ദിവസത്തിന് ശേഷമോ, ഏതാണ് നേരത്തെയെങ്കിൽ (പ്രതിപാദിച്ചതായ കാലാവധി), കൈപ്പറ്റിയതായി അനുമാനിയ്ക്കപ്പെടുന്നു. പ്രസ്തുത അക്കൗണ്ട് സ്റ്റേറ്റ്മെന്റ് കൈപ്പറ്റി യാതൊരു കാരണവശാലും മേൽപ്പറഞ്ഞ കാലാവധിയിൽ നിന്നും 30 (മുപ്പത്) ദിവസത്തിൽ അധികരിയ്ക്കാതെ കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി അതിലെ പിഴവുകൾ, ഒഴിവാക്കലുകൾ, ക്രമക്കേടുകൾ, കൃത്രിമങ്ങൾ, അംഗീകൃതമല്ലാത്ത ഇടപാടുകൾ, മറ്റ് എതിർപ്പുകൾ എന്നിവ ബാങ്കിനെ രേഖാമൂലം എഴുതി അറിയിയ്ക്കുന്നതിന് ബാദ്ധ്യസ്ഥനാകുന്നു. കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി 30 (മുപ്പത്) ദിവസത്തിനുള്ളിൽ ബാങ്കിനെ രേഖാമൂലം അറിയിച്ചില്ലാ എങ്കിൽ അക്കൗണ്ട് സ്റ്റേറ്റ്മെന്റും അതിലുൾപ്പെട്ട എൻട്രികളും അതിലെ വസ്തുതയ്ക്കുള്ള നിർണ്ണായക തെളിവായി കണക്കാക്കുകയും കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി അല്ലെങ്കിൽ അവകാശവാദം ഉന്നയിയ്ക്കുന്ന വ്യക്തി എന്നിവർ അതിന് ബാദ്ധ്യസ്ഥരായിരിയ്ക്കുകയും ചെയ്യും. ആയതിനാൽ മറ്റ് തെളിവുകളുടെ ആവശ്യമില്ലാതെ തന്നെ എല്ലാ വിധ ഇടപാടുകളിൽ നിന്നും (എല്ലാ ചാർജുകൾ, സംഭവ്യമായ ഏതു വിധത്തിലുമുള്ള ഇടിവുകൾ, നഷ്ടങ്ങൾ, നികുതികൾ, കരങ്ങൾ, ഫീസുകൾ, പിഴ നഷ്ടം അല്ലെങ്കിൽ പിഴ അടവ്) ബാങ്കിനെ ബാദ്ധ്യതാ മുക്തമാക്കപ്പെടുന്നു. മേൽപ്പറഞ്ഞവ ഏറ്റവും പുതിയ അക്കൗണ്ട് സ്റ്റേറ്റ്മെന്റിന്റെ തീയ്യതിയ്ക്കനുസൃതവും, ഈ വിഭാഗത്തിനനുയോജ്യമായി കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി നൽകിയതായ ഇടപാടുകൾക്ക് പുറമെയുമാകുന്നു.
- ബിൽ തർക്കങ്ങൾ അറിയിയ്ക്കുവാൻ കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി, കസ്റ്റമർ സേവന കേന്ദ്ര (നമ്പരുകൾ പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ പിൻഭാഗത്ത് കൊടുത്തിരിയ്ക്കുന്നു അല്ലെങ്കിൽ www.hsbc.co.in ൽ നിന്നും ലഭിയ്ക്കുന്നു) ലേയ്ക്ക് വിളിയ്ക്കുകയോ കെ.സി. മഹേഷ്, മാനേജർ, ക്രെഡിറ്റ് കാർഡ് സർവ്വീസസ്, അംബാൾ ഹൗസ്, 610, അണ്ണാ ശാലൈ, ചെന്നൈ - 600 006 എന്ന വിലാസത്തിൽ എഴുതി അറിയിയ്ക്കുകയോ ചെയ്യുക. എല്ലാ വർദ്ധിത പരാതികളും ശ്രീമതി. സത്യാ ശ്രീനിവാസൻ, നോഡൽ ഓഫീസർ, ദി ഹോംഗ്കോങ് ആന്റ് ഷാങ്ഹായ് ബാങ്കിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, നമ്പർ. 96, ഡോക്ടർ. രാധാകൃഷ്ണൻ ശാലൈ, മൈലാപ്പൂർ, ചെന്നൈ - 600 004. എന്ന വിലാസത്തിലേയ്ക്ക് രേഖപ്പെടുത്തുക. HSBC പരാതികൾ പരിഹരിച്ചില്ലാ എങ്കിൽ, ഉപഭോക്താക്കളുടെ പരാതികൾ പരിഹരിയ്ക്കുവാനായി ദി റിസർവ്വ് ബാങ്ക ഓഫ് ഇൻഡ്യ നിയമിച്ച ഒരു ഓംബുഡ്സ്മാനെ സമീപിയ്ക്കാം. 60 ദിവസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലാ എങ്കിൽ , മറുപടി തൃപ്തികരമല്ലാ എങ്കിൽ ഉപഭോക്താവിന് ഓംബുഡ്സ്മാനെ സമീപിയ്ക്കാം.

## 4. ഡീഫോൾട്ട് (വീഴ്ച്ച)

- വീഴ്ച്ച വരുത്തുന്ന അവസരത്തിൽ (ഏറ്റവും കുറഞ്ഞ ഡ്യൂത്തുക ഡ്യൂതീയ്യതിയോടെ അടയ്ക്കാതിരിയ്ക്കുക, അല്ലെങ്കിൽ കാർഡുപയോഗിയ്ക്കുന്ന വ്യക്തിയുമായുള്ള സമ്മതപത്രത്തിലെ ഏതെങ്കിലും ഉപാധിയുടെ വിലംഘനം) ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് കാർഡ് അക്കൗണ്ടിന്റെ കുടിശ്ശിക അടയ്ക്കുന്നതിനുള്ള സമയാസമയ റിമൈൻഡറുകൾ തപാൽ/ ഫാക്സ്/ടെലിഫോൺ/ഇ-മെയിൽ/SMS മെസ്സേജിംഗ് വഴിയോ അല്ലെങ്കിൽ റിമൈൻഡു ചെയ്യുവാനോ ഫോളോ അപ് ചെയ്യുവാനോ, ഡ്യൂ ശേഖരിയ്ക്കുവാനോ നിയോഗച്ചിട്ടുള്ളതായ ഏതെങ്കിലും മൂന്നാം കക്ഷി വഴിയോ ലഭിക്കുന്നതായിരിക്കും. മേൽ പറഞ്ഞ മൂന്നാം കക്ഷി ഇൻഡ്യൻ ബാങ്ക് അസോസിയേഷന്റെ (IBA) ഋണശേഖരണ നിയമാവലിയുടെ മാർഗ്ഗദർശനാനുസാരം പ്രവർത്തിയ്ക്കേണ്ടതാകുന്നു.
- ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയുടെ മരണശേഷമുള്ള ഡ്യൂ വീണ്ടെടുക്കൽ :

  - മൊത്തം കുടിശ്ശിക ബാക്കി (ബില്ലു ചെയ്യപ്പെടാത്ത ട്രാൻസാക്ഷൻ ഉൾപ്പടെ) ഡ്യൂ ആകുകയും ഉടനടി HSBC യിലേയ്ക്ക് അടയ്ക്കപ്പെടേണ്ടതുമാണ്.
  - ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചിരുന്ന വ്യക്തിയുടെ ആസ്തികളിൽ നിന്നും മൊത്തം കുടിശ്ശിക വീണ്ടെടുക്കുവാൻ HSBC യ്ക്ക് അർഹതയുണ്ട്.

- റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ മാർഗ്ഗനിർദ്ദേശാനു- സാരം, ഞങ്ങൾ അതാതു മാസാടിസ്ഥാനത്തിൽ ഞങ്ങളുടെ ക്രെഡിറ്റ് കാർഡുപയോഗിയ്ക്കുന്നവരുടെ ക്രെഡിറ്റ് വിശദാംശങ്ങൾ പ്രദാനം ചെയ്യുന്നു. ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ (ഇൻഡ്യാ) ലിമിറ്റഡിന് (CIBIL) മേൽപ്പറഞ്ഞ വിശദാംശങ്ങളുടെ വെളിച്ചത്തിൽ കഴിഞ്ഞ മാസാന്ത്യത്തിന്റെ നില മനസ്സിലാകുന്നു. മാത്രമല്ല പ്രസ്തുത ക്രെഡിറ്റ് കാർഡ് അക്കൗണ്ട് കൃത്യവും വീഴ്ച്ച വരുത്തിയിട്ടില്ലാത്തതുമാണോ എന്നും കണ്ടെത്തുന്നു. ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ വീഴ്ച്ച വരുത്തുന്നതായ അവസരത്തിൽ അനന്തരം അത് അറിയിയ്ക്കപ്പെട്ടിട്ടുള്ളതായ തീയ്യതിയിൽ പ്രസ്തുത അക്കൗണ്ട് കൃത്യമാക്കപ്പെടുകയും ചെയ്യുവെന്നാൽ അടുത്ത മാസത്തെ റിപ്പോർട്ടിംഗിന്റെ അവസരത്തിൽ അക്കൗണ്ട് ഭാവിയിൽ അപ്പ്-ഡേറ്റ് ചെയ്യപ്പെടുകമാത്രമേയുള്ളൂ. CIBIL ലിന്റെ അനുസാരം കസ്റ്റമർ സ്റ്റാറ്റസിന്റെ എല്ലാ വ്യതിയാനങ്ങളും ഏറ്റവും കൂടിയ 30 ദിവസത്തിനകം അപ് - ഡേറ്റ് ചെയ്യപ്പെടുന്നു. CIBIL ലുമായുള്ള പ്രതികൂല ക്രെഡിറ്റ് കീഴ്‌വഴക്കങ്ങൾ ഒഴിവാക്കുവാൻ, ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലുള്ള ഡ്യൂത്തുക സമയാസമയം അടയ്ക്കുവാൻ ക്രെഡിറ്റ് കാർഡുപയോഗിയ്ക്കുന്നവർ താല്പര്യപ്പെടേണ്ടതാണ്.

## 5. ടെർമിനേഷൻ (അവസാനിപ്പിയ്ക്കൽ)

- ഈ സമ്മതപത്രം നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ടെർമിനേറ്റ് ചെയ്യാം. HSBC യ്ക്ക് എഴുതിക്കൊടുത്ത ഒരു മുൻകൂർ അറിയിപ്പു മുഖേന ക്രെഡിറ്റ് കാർഡും മറ്റ് അഡീഷണൽ ക്രെഡിറ്റ് കാർഡുകളും പല കഷണങ്ങളായി മുറിച്ച് തിരിച്ചു നൽകുകയും എല്ലാ കുടിശ്ശികയും തീർത്തിരിയ്ക്കുയും വേണം. ഈ സമ്മതപത്രം ഒരു അഡീഷണൽ ക്രെഡിറ്റ് കാർഡിന്റെ ഉപയോഗത്തിനു കൂടി ബാധകമെങ്കിൽ, HSBC യ്ക്ക് ഒരു മുൻകൂർ അറിയിപ്പു നൽകി പ്രസ്തുത അഡീഷണൽ കാർഡിന്റെ ഉപയോഗവും നിങ്ങൾക്ക് അവസാനിപ്പിയ്ക്കാം. ദയവായി മാഗ്നെറ്റിക് സ്ട്രിപ്പിലൂടെ പല കഷണങ്ങളായി മുറിച്ച് അഡീഷണൽ ക്രെഡിറ്റ് കാർഡ് നശിപ്പിയ്ക്കുക.
- അതിനുശേഷം HSBC യ്ക്ക് അതിന്റെ ഗുണദോഷ വിവേചനത്തനനുസരിച്ച് നിങ്ങളുടെ ക്രെഡിറ്റ് കാർഡ് (കൾ)/ആഡ്സ്-ഓൺ കാർഡ് (കൾ) എന്നിവയിലെ കുടിശ്ശിക യാതൊരു കാരണം കാണിയ്ക്കലും കൂടാതെ തിരിച്ചു പിടിയ്ക്കാവുന്നതാണ്. HSBC കുടിശ്ശിക പൂർണ്ണമായും തിരിച്ചുപിടിയ്ക്കുന്ന വേളയിൽ, നിങ്ങൾക്ക് കുടിശ്ശിക പൂർണ്ണമായും തിരിച്ചടയ്ക്കുവാനുള്ള ഉചിതമായ മുൻകൂർ അറിയിപ്പ് HSBC നൽകുന്നതാണ്.
- മറിച്ച് ഈ വ്യവസ്ഥകൾ നിബന്ധനകൾ എന്നിവയെ ഒന്നും തന്നെ പ്രതിരോധിയ്ക്കുവാതെ, HSBC യ്ക്ക് അതിന്റെ ഗുണദോഷവിവേചനത്തോടെ, ഒരു മുൻകൂർ അറിയിപ്പ് ഇല്ലാതെ തന്നെ, നിങ്ങളുടെ ക്രെഡിറ്റ് കാർഡ് അക്കൗണ്ട് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് /അഡ്സ് - ഓൺ കാർഡ് (കൾ) എന്നിവയുടെ അനുവദിച്ച പരിധി, യാതൊരു കാരണവും മുൻകൂട്ടി അറിയിയ്ക്കാതെ തന്നെ റദ്ദാക്കാവുന്നതുമാണ്. നിങ്ങളുടെ ക്രെഡിറ്റ് കാർഡ് അക്കൗണ്ട് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് / അഡ്സ് -ഓൺ കാർഡ് (കൾ) എന്നിവയുടെ അനുവദിച്ച പരിധി HSBC യ്ക്ക് റദ്ദാക്കുന്ന അവസരത്തിൽ, പ്രസ്തുത റദ്ദാക്കലിനെക്കുറിച്ച് ആഉ നിങ്ങളെ അറിയിയ്ക്കുന്നതായിരിയ്ക്കും.
- ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയുടെ പാപ്പരത്തം, മരണം എന്നിവ മൂലമോ അല്ലെങ്കിൽ ഏതെങ്കിലും കാരണവശാൽ സമ്മതിപത്രം സസ്പെൻഡോ / ടെർമിനേറ്റോ ചെയ്യുവെന്നാൽ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിലെ മുഴുവൻ കുടിശ്ശികത്തുക, ഇഫക്റ്റായെങ്കിലും ഇതു വരെ ക്രെഡിറ്റ് കാർഡ് അക്കൗണ്ടിൽ ചാർജ് ചെയ്യപ്പെടാത്ത മറ്റ് ക്രെഡിറ്റ് കാർഡ് ഇടപാടുകളിലെ കുടുശ്ശികത്തുക എന്നിവ എത്രയും വേഗം ഡ്യൂ ആയിത്തീരുകയും പൂർണ്ണമായും HSBC യിലേയ്ക്ക് അത് അടയ്ക്കേണ്ടതുമാകുന്നു. കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയുടെ മരണശേഷം, സമ്പൂർണ്ണ ചിലവുകൾ, നിയമ ഫീസ്, ഫിനാൻസ് ചാർജ്ജുകൾ, പലിശ എന്നിവ സഹിതം പ്രസ്തുത വ്യക്തിയുടെ ആസ്തിയിൽ നിന്നും കുടിശ്ശിക ഈടാക്കുവാൻ HSBC യ്ക്ക് അധികാരമുണ്ട്. കുടിശ്ശിക അടച്ചുതീരും വരെ യാതൊരു മുൻവിധിയും കൂടാതെ നിലവിലുള്ള നിരക്കനുസരിച്ച് ഫിനാൻസ് ചാർജ്ജുകൾ, മറ്റ് ചാർജ്ജുകൾ എന്നിവ ഈടാക്കുവാനുള്ള അതിന്റെ അധികാരം നിലനിർത്തിക്കൊണ്ടുതന്നെയാകും ഇത്.

- ഇനി മേൽ HSBC അയച്ചതായ എല്ലാ അറിയിപ്പുകളും, അയച്ച ശേഷം 7 ദിവസത്തിനുള്ളിൽ നിങ്ങൾ അവസാനമായി HSBC യ്ക്ക് രേഖാമൂലം അറിയിച്ചതായ മേൽവിലാസ പ്രകാരം നിങ്ങൾക്ക് ലഭിച്ചതായി അനുമാനിയ്ക്കപ്പെടും.
- ക്രെഡിറ്റ് കാർഡ് ഉപയോഗത്തിന്റെ അവസാനം എന്നാൽ ക്രെഡിറ്റ് കാർഡ് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് നമ്പർ എന്നിവയുടെ തുടർച്ചയായ ഉപയോഗം മൂലം ലഭ്യമായിരുന്ന എല്ലാ സൗകര്യങ്ങളുടെയും പിൻവലിയ്ക്കലാകുന്നു.

## 6. കാർഡിന്റെ കൈമോശം/മോഷണം/ ദുരുപയോഗം

a) കാർഡ് നഷ്ടപ്പെടുകയോ / മോഷ്ടിയ്ക്കപ്പെടുകയോ ഉണ്ടായാൽ കാർഡുപയോഗിയ്ക്കുന്ന വ്യക്തി ആ വിവരം എത്രയും വേഗം HSBCയെ എഴുതി അറിയിയ്ക്കുകയോ, സേവന കേന്ദ്രത്തിലേയ്ക്ക് വിളിച്ചറിയിയ്ക്കുകയോ ചെയ്യേണ്ടതാണ്.

b) ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി അതു നഷ്ടപ്പെടുകയോ/ മോഷണം പോവുകയോ / ദുരുപയോഗിയ്ക്കപ്പെടുകയോ ചെയ്ത കാര്യം HSBC യിൽ അറിയിച്ചശേഷം പ്രസ്തുത കാർഡിന്മേൽ യാതൊരു വിധ ട്രാൻസാക്ഷനും നടത്താൻ പാടുള്ളതല്ല.

c) കാർഡ് നഷ്ടപ്പെടൽ/മോഷണം എന്നിവയെക്കുറിച്ച് മുകളിൽ (a) ൽപ്പറഞ്ഞപ്രകാരം അറിയിച്ചിട്ടുണ്ടെങ്കിലും, കാർഡുപയോഗിയ്ക്കുന്ന വ്യക്തി അത് രേഖാമൂലം HSBC യിൽ സ്ഥിരീകരിയ്ക്കണം. കൈപ്പറ്റിയെന്ന തെളിവോടെയുള്ള പോലീസ് പരാതിയുടെ ഒരു പകർപ്പും അതോടൊപ്പം ചേർക്കേണ്ടതാണ്.

d) ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് ഭാവിയിൽ അത് തിരിച്ചുകിട്ടിയെന്നാൽ, തിരിച്ചുകിട്ടിയ ക്രെഡിറ്റ് കാർഡ് ഒരിയ്ക്കലും ഉപയോഗിയ്ക്കുവാൻ പാടില്ല. ദയവായി മാഗ്നറ്റിക് സ്ട്രിപ്പിലൂടെ ആ കാർഡ് കഷണങ്ങളായി മുറിച്ച് നശിപ്പിയ്ക്കുക.

## 7. വെളിപ്പെടുത്തലുകൾ

- ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി അയാളുടെ/അവളുടെ ആഡ്ഡ്- ഓൺ കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി (കൾ) ഉൾപ്പടെയുള്ള വരുടെഅക്കൗണ്ട് വിശദാംശങ്ങൾ അയാളുടെയോ / അവളുടെയോ ആഡ്ഡ്-ഓൺ കാർഡ് ഉപയോഗിയ്ക്കുന്ന മറ്റു വ്യക്തി(കൾ) ളുടെയോ പ്രത്യേക അനുവാദമോ സമ്മതമോ ഇല്ലാതെതന്നെ ഒരു മൂന്നാം കക്ഷിഏജൻസിയുമായി കൂട്ടുചേർന്ന് ബാങ്കിനു ലഭ്യമാകേണ്ട സേവന പിന്തുണയ്ക്കായി HSBC യിൽ നിക്ഷിപ്തമായിട്ടുള്ള അവകാശത്തെ ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.
- ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി വീണ്ടും സമ്മതിച്ചു കൊള്ളുന്നു അതായത്, HSBC യ്ക്ക്, ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന ആഡ്ഡ്-ഓൺ കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി (കൾ) എന്നിവരെക്കുറിച്ചുള്ള വിവരങ്ങൾ, പങ്കുവയ്ക്കാനുള്ള അധികാരമുണ്ട്. മാത്രമല്ല, കാർഡുപയോഗിയ്ക്കുന്ന വ്യക്തി അയാളുടെ/അവളുടെ ചുമതല നിർവ്വഹിയ്ക്കവെ വരുത്തിയ വീഴ്ച്ചകളെക്കുറിച്ചുള്ള വിവരം, HSBC യ്ക്ക് ശരിയെന്നും ആവശ്യമെന്നും തോന്നുകയാണെങ്കിൽ ഇപ്പോൾ നിലവിലുള്ളതും അല്ലെങ്കിൽ ഭാവിയിൽ നിലവിൽ വരുന്ന- തുമായ ഒരു ക്രെഡിറ്റ് ബ്യൂറോ/ക്രെഡിറ്റ് റഫറൻസ് ഏജൻസികൾ ഇവയെക്കൊണ്ട് സമയാസമയം വിവരങ്ങൾ ശേഖരിയ്ക്കുവാനുള്ള അധികാരവും HSBC യ്ക്കുണ്ടെന്ന് സമ്മ- തിച്ചുകൊള്ളുന്നു. അങ്ങിനെ ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയ്ക്ക് തന്റെ സമ്മതവും ഉറപ്പും, ആഡ്ഡ്-ഓൺ കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തി (കൾ) യുടെ സമ്മതവും പ്രകാരം മേൽപ്പറഞ്ഞ ക്രെഡിറ്റ് ബ്യൂറോ/ക്രെഡിറ്റ് റഫറൻസ് ഏജൻസികളോട് വിശദാംശങ്ങൾ വെളിപ്പെടുത്താമെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ചിലപ്പോൾ ഭാവിയിൽ പ്രൊസസ്സ്ഡ് വിശദാംശങ്ങൾ/ഡാറ്റാ/പ്രൊഡക്റ്റ്സ് എന്നിവ, ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും മറ്റ് ക്രെഡിറ്റ് ദാതാക്കൾക്കും നൽകാം.
- ക്രെഡിറ്റ് കാർഡ് ഉപയോഗിയ്ക്കുന്ന വ്യക്തിയുടെ ക്രെഡിറ്റ് ചരിത്രം/ തിരിച്ചടയ്ക്കൽ റിക്കാർഡ് എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ, HSBC, RBI പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള ഒരു ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയ്ക്ക്, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനീസ് (റെഗുലേഷൻ) നിയമം, 2005 പ്രകാരം നൽകപ്പെടാം.

**കൂടുതൽ വിവരങ്ങൾക്ക്, ദയവായി താഴെക്കൊടുത്തിരി-
യ്ക്കുന്ന ഞങ്ങളുടെ കസ്റ്റമർ സേവന കേന്ദ്രവുമായി ബന്ധപ്പെടുക.**

• അഹമ്മദാബാദ് : 98983 77373 • ബാംഗ്ലൂർ : 2558 9696
• ചണ്ഡീഗഢ് : 98769 27373 • ചെന്നൈ : 4341 9696
• കോയമ്പത്തൂർ : 98944 77373 • ഗുർഗാവ് : 99107 97373
• ഹൈദരാബാദ് : 2335 8787 • ഇന്ദോർ : 98932 77373
• ജയ്പ്പൂർ : 99280 37373 • ജോധ്പ്പൂർ : 99280 37373
• കൊച്ചി : 98954 77373 • കൊൽക്കത്ത : 2243 8686
• ലഖ്നൗ : 99350 97373 • ലുധിയാനാ : 98769 27373
• മുംബയ് : 6680 0001 • മൈസൂർ : 99809 27373
• നാഗ്പ്പൂർ : 98601 07373 • ന്യൂഡൽഹി : 2373 9696
• നോയ്ഡാ : 99107 97373 • പറ്റ്നാ : 99313 37373
• പൂണെ : 6602 8686 • റായ്പ്പൂർ : 98932 77373
• തിരുവനന്തപുരം : 98954 77373 • വഡോദരാ 98983 77373
• വിശാഖപട്ടണം 98496 77373

## ഡൂ നോട്ട് കോൾ സേവനങ്ങൾ

സമയാസമയം HSBC അതിന്റെ കാർഡുപയോഗിയ്ക്കുന്ന വ്യക്തി-കൾക്ക് അർത്ഥവത്തായ പ്രയോജനങ്ങൾ പ്രദാനം ചെയ്യുന്ന വിവിധ സവിശേഷതകൾ/ഉല്പന്നങ്ങൾ/ അഭിവൃദ്ധിയ്ക്കുതകുന്ന ആനുകൂല്യങ്ങൾ എന്നിവ സ്വയം വനിമയം ചെയ്യുകയൊ മൂന്നാമതൊരു കക്ഷിയുടെ സേവനം അതിനായി വിയിയോഗിയ്ക്കുകയൊ ചെയ്യാം. നിങ്ങൾക്ക് അത്തരത്തിലുള്ള പ്രയോജനങ്ങളെക്കുറിച്ച് ടെലിഫോൺ വഴി/ഛേര വഴി അറിയണമെന്ന ആഗ്രഹമില്ലെങ്കിൽ 'ഡൂ നോട്ട് കാൾ' സേവനം തിരഞ്ഞെടുക്കാം. ദയവായി താഴെക്കൊടുത്തിരിയ്ക്കുന്ന ഫോറം പൂരിപ്പിച്ച് ഡയറക്റ്റ് റെസ്പ്പോൺസ് സെൽ, HSBC, P.O ബോക്സ് 631, മുംബയ് GPO, മുംബയ് 400 001 എന്ന വിലാസത്തിൽ അയയ്ക്കുക. കത്ത് ലഭിച്ച തീയ്യതി മുതൽ 30 ദിവസത്തിനകം നിങ്ങളുടെ അഭ്യർത്ഥന നടപ്പിലാക്കുന്നതായിരിയ്ക്കും.

പേര് ____________________

ആദ്യം മദ്ധ്യം അവസാനം

നഗരം ____________________

ദയവായി താഴെക്കൊടുത്തിരിയ്ക്കുന്ന ബന്ധപ്പെടേണ്ട ഏതെങ്കിലും ഒരു നമ്പർ പൂരിപ്പിയ്ക്കുക.

ടെലിഫോൺ നമ്പർ ________ ____________

(STD കോഡ്)

മൊബൈൽ നമ്പർ ____________

*ദി ഹോംഗ് കോംങ് ആന്റ് ഷാംങ്ഹായ് ബാങ്കിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, ഇൻഡ്യാ പുറപ്പെടുവിച്ചത്.*
*പരിമിത ഋണബാദ്ധ്യതയോടെ ഹോംഗ് കോംങ് SAR ൽ സംയോജിയ്ക്കപ്പെട്ടത്.*